**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

***നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *463*** ***17.05.2017 ലെ മറുപടിക്ക്.***

## <u>*വിമാനക്കമ്പനികൾ പ്രവാസികളെ ചൂഷണം ചെയ്യുന്നത് തടയാൻ നടപടി*</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ. പി<br>ശ്രീമതി ഇ. എസ്. ബിജിമോൾ<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീമതി സി. കെ. ആശ | ശ്രീ. പിണറായി വിജയൻ<br>**(മുഖ്യമന്ത്രി)** |
| (എ) വേനലവധിക്കാലത്ത് നാട്ടിലേക്ക് വരാൻ ആഗ്രഹിക്കുന്ന പ്രവാസികളെ വിമാനക്കമ്പനികൾ വളരെ ഉയർന്ന നിരക്ക് ഈടാക്കി ചൂഷണം ചെയ്യുന്നത് പരിശോധിച്ചിട്ടുണ്ടോ ; | (എ) പരിശോധിച്ചിട്ടുണ്ട്. |
| (ബി) ഓണം, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ഉത്സവസമയങ്ങളിലും ഹജ്ജിന്റെ സമയത്തും വിമാനക്കമ്പനികൾ പ്രവാസികളിൽ നിന്നും ഉയർന്ന നിരക്കുകൾ ഈടാക്കുന്ന വിവരം പരിശോധിച്ചിട്ടുണ്ടോ ; | (ബി) പരിശോധിച്ചിട്ടുണ്ട്. |
| (സി) ഇക്കാര്യങ്ങളിൽ പ്രവാസികൾക്ക് ആശ്വാസമേകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ ? | (സി) വേനലവധിക്കാലത്തും ഓണം, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ഉത്സവസമയങ്ങളിലും ഹജ്ജിന്റെ സമയത്തും വിമാനക്കമ്പനികൾ പ്രവാസികളിൽ നിന്നും ഉയർന്ന നിരക്കുകൾ ഈടാക്കുന്നു എന്നും ഇക്കാര്യത്തിൽ ഇടപെടണമെന്നും കേന്ദ്ര വ്യോമയാന മന്ത്രാലയ ത്തിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിമാന യാത്രാ നിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രവ്യോമയാന മന്ത്രാലയ മല്ലെന്നും, 1937 ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, |

മിതമായ ലാഭം, യാത്രക്കാരുടെ തിരക്ക് എന്നിവ പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയി-ച്ചിട്ടുള്ളത്. മാത്രവുമല്ല, ലോകത്തിലെ എല്ലാ വിമാനകമ്പനികളും യാത്രക്കാ-രുടെ തിരക്കിനനുസരിച്ചാണ് അവരുടെ വിമാന യാത്രാ നിരക്കുകൾ ക്രമീകരിച്ചിരിക്കുന്നത്. ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ ഇടപെടുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും വിഷയത്തിന്റെ പ്രാധാന്യം കണ-ക്കിലെടുത്ത് കേന്ദ്രവ്യോമയാന മന്ത്രാലയവുമായും സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലു-മായും ബന്ധപ്പെട്ട് പ്രശ്നപരി ഹാരത്തിന് സംസ്ഥാന സർക്കാർ ശ്രമിച്ചുവരുന്നുണ്ട്.

Sheeja

സെക്ഷൻ ഓഫീസർ.